നം.സി.ബി.(1) 20805/07

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി, 16.4.2008

## സർക്കുലർ നമ്പർ. 22/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സഹകരണ സംഘം രജിസ്ട്രാറുടെ 25.1.2008 ലെ 5/2008 നമ്പർ സർക്കുലർ

2) സഹകരണ സംഘം രജിസ്ട്രാറുടെ 27.2.2008 ലെ 10/2008 നമ്പർ സർക്കുലർ.

3) സഹകരണ സംഘം രജിസ്ട്രാറുടെ 31.3.2008- ലെ 20/08 നമ്പർ സർക്കുലർ.

********

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1.3.2008 മുതൽ 31.3.2008 വരെ സംഘടിപ്പിച്ച 29- മത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ സാഹചര്യം കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ നിശ്ചയിച്ച് സൂചന (2) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലാവധി 15.4.2008 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നതിനാൽ സൂചന 2 സർക്കുലറിന് സൂചന 3 പ്രകാരം 15.4.2008 വരെ പ്രാബല്യം നൽകിയിരുന്നു. നിക്ഷേപസമാഹരണം 15.4.2008-ൽ അവസാനിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 16.4.2008 മുതൽ പലിശ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5 | 5 | 5 | 5 | 5.25 | 5.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6 | 6 | 6 | 6 | 6.25 | 6.25 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7 | 6 | 7 | 6.25 | 7.25 | 6.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8 | 7.50 | 8 | 7.50 | 8.50 | 8.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 1 വർഷം മുതൽ 3 വർഷം വരെ | 9 | 8.50 | 9 | 8.50 | 9.50 | 9.00 |
| 6 | 3 വർഷം മുതൽ 5 വർഷം വരെ | 9.25 | 9.00 | 9.25 | 9.00 | 9.75 | 9.25 |
| 7 | 5 വർഷവും അതിനു മുകളിലും | 9.50 | 9.25 | 9.50 | 9.25 | 10.00 | 9.50 |

മേൽ നിരക്കുകൾക്ക് പുറമേ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് അര ശതമാനം മുതൽ ഒരു ശതമാനം വരെ അധിക പലിശ നിരക്ക് നൽകാവുന്നതാണ്.

ഒപ്പ്
റാണി ജോർജ്ജ് ഐഎഎസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം
3. ജനറൽ മാനേജർ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ ആഡിറ്റ്) മാർക്കും
5. എല്ലാ ജോയിന്റ് രജിസ്ട്രാർ /കൺകറന്റ് ആഡിറ്റർമാർക്കും (ജില്ലാ സഹകരണ ബാങ്കുകൾ/ സംസ്ഥാന സഹകരണ ബാങ്ക്)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും ജോയിന്റ് രജിസ്ട്രാർ മുഖേന
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സെക്രട്ടറി സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
9. എഡിറ്റർ, സഹകരണ വീഥി, /സഹകരണ ജേർണൽ
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി